## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3588 | 12.12.2014 ൽ മറുപടിയ്ക്ക് |
|---|---|

**ക്രൈം മാപ്പിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ശക്തമാക്കുന്നതിന് ക്രൈം മാപ്പിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ; | (എ) കേരളത്തിലെ 14 ജില്ലകളിലുമായി 72 സി.ഡി.എസുകളിൽ കുടുംബശ്രീ ക്രൈം മാപ്പിംഗ് നടത്തിയിട്ടുണ്ട്. സംസ്ഥാന, ജില്ലാ തലങ്ങളിൽ തയ്യാറാക്കിയ റിപ്പോർട്ട് കുടുംബശ്രീ പതിനാറാം വാർഷികത്തോടനുബന്ധിച്ച് പ്രകാശനം നടത്തിയിട്ടുണ്ട്. കൂടാതെ സി.ഡി.എസ്തല ക്രൈം മാപ്പിംഗ് റിപ്പോർട്ട് പ്രകാശനം ജില്ലകളിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നിട്ടുണ്ട്.<br>ഒരു നിർദ്ദിഷ്ട പ്രദേശത്ത് ഉണ്ടാകുന്ന അതിക്രമങ്ങളെ കുറിച്ച് സമഗ്രമായ ഒരു ചിത്രം ഉണ്ടാക്കാനും, അതിക്രമങ്ങളെ തരം തിരിക്കാനും ക്രൈം മാപ്പിംഗ് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ക്രൈം മാപ്പിംഗിനു നിയോഗിക്കപ്പെട്ട ഫെസിലിറ്റേറ്ററുടെ നേതൃത്വത്തിൽ പ്രത്യേക അയൽക്കൂട്ടയോഗങ്ങളും പൊതു അയൽക്കൂട്ടയോഗങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. അതിക്രമങ്ങൾ നടക്കുന്ന ഇടങ്ങൾ ഏതെല്ലാമെന്ന് മനസ്സിലാക്കാനും വ്യക്തിപരമായും ഗ്രൂപ്പായും അനുഭവങ്ങൾ പങ്കുവെയ്ക്കാനും അതിക്രമങ്ങളുടെ സ്വഭാവം മനസ്സിലാക്കി ജനങ്ങൾക്ക് പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട ഏജൻസികൾക്കും ആ പ്രദേശത്ത് സ്വീകരിക്കാവുന്ന നടപടികൾ ആസൂത്രണം ചെയ്യാനും ക്രൈം മാപ്പിംഗ് ഉപയോഗപ്പെടുത്തുന്നു. |
| (ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം സുരക്ഷാ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) ഈ പ്രവർത്തനങ്ങൾ നടന്നതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയുടെ റിസോഴ്സ് പേഴ്സൺമാർ തങ്ങളുടെ പ്രദേശത്തെ നിരവധി പ്രശ്നങ്ങൾ കണ്ടെത്തുകയും അവയിൽ ഫലപ്രദമായി കുടുംബശ്രീ സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ ഭാഗമായി സി.ഡി.എസ്തലങ്ങളിൽ രൂപീകരിക്കപ്പെട്ട ജെൻഡർ കോർണറുകൾ വഴി ഇടപെട്ടുകൊണ്ട് പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനായി |

| | |
|---|---|
| | പരിശ്രമിക്കുകയും ചെയ്തു വരുന്നു. ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ക്രൈം മാപ്പിംഗിന്റെ ഭാഗമായി നടന്നിട്ടുണ്ട്. ജെൻഡർ കോർണറുകളിൽ സ്വീകരിക്കപ്പെടുന്ന പരാതികളിന്മേൽ പ്രാദേശികമായി പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും അല്ലാത്തപക്ഷം മേഖലാ തലങ്ങളിൽ പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്ക്കുകളായ 'സ്നേഹിത'യുമായി ബന്ധപ്പെട്ട് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ ഒരുക്കി നൽകുകയും ചെയ്യുന്നു. പഞ്ചായത്ത് പദ്ധതി രൂപീകരണത്തിൽ ക്രൈം മാപ്പിംഗ് വഴി കണ്ടെത്തിയ വിവരങ്ങൾ അടിസ്ഥാനമാക്കി സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും അവരുടെ ഉന്നമനത്തിനുമായി പദ്ധതികൾ ഉൾകൊള്ളിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വകുപ്പുതല ഏകോപനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) ക്രൈം മാപ്പിംഗ് വഴി കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ കുടുംബശ്രീയുടെ മേഖലാ തലങ്ങളിൽ പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്ക്കുകളായ 'സ്നേഹിത' വഴി നൽകുന്നു. അതിക്രമങ്ങൾക്കിരയാവുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സഹായവും പിന്തുണയും അടിയന്തിരഘട്ടങ്ങളിൽ താത്കാലിക താമസ സൗകര്യവും നൽകാൻ സാധിക്കുന്ന ജെൻഡർ ഹെൽപ്പ് ഡെസ്ക്കുകളാണ് 'സ്നേഹിത'. നിയമം, പോലീസ്, സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളും മറ്റ് സർക്കാർ സർക്കാരേതര വകുപ്പുകൾ/ഏജൻസികൾ/എൻ.ജി.ഒകൾ എന്നിവയുമായി സഹകരിച്ചാണ് ആവശ്യക്കാർക്ക് 'സ്നേഹിത' പിന്തുണ നൽകുന്നത്. ഇതിനോടൊപ്പം ജില്ലാതല ഏകോപന മീറ്റിംഗുകൾ ജില്ലാ കളക്ടർ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടക്കുന്നുണ്ട്. പഞ്ചായത്തുതല ഏകോപന മീറ്റിംഗുകൾ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ എല്ലാ ജനപ്രതിനിധികളുടെയും മറ്റ് വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹകരണത്തോടെ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ